"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - സ്ഥാപനക്കാര്യം - തൊഴിൽ വകുപ്പിലെ ആലുവ, പീരുമേട്, കൽപ്പറ്റ, നെന്മാറ എന്നീ പ്ലാന്റേഷൻ ഇൻസ്പെക്ടർമാരുടെ കാര്യാലയങ്ങളിൽ മഹീന്ദ്ര ബൊലേറോ B6 BS6 വാഹനങ്ങൾ ഓരോന്ന് വീതം വാങ്ങുന്നതിന് ലേബർ കമ്മീഷണർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.16/2025/LBR തീയതി,തിരുവനന്തപുരം, 06-06-2025

---

പരാമർശം:-

1. 14.03.2013 ലെ G.O.(MS) No. 72/2013/GAD നമ്പർ ഉത്തരവ്
2. 16.05.2024 ലെ ലേബർ കമ്മീഷണറുടെ LCO/2039/2023-E(5) Part-I നമ്പർ കത്ത്
3. 06.08.2024 ലെ സ.ഉ.(സാധാ) നം. 833/2024/LBR നമ്പർ ഉത്തരവ്

**ഉത്തരവ്**

കേന്ദ്ര സർക്കാരിന്റെ 16.01.2023-ലെ വിജ്ഞാപന പ്രകാരം, 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ വാഹനങ്ങളുടെ രജിസ്ട്രേഷൻ 01.04.2023 മുതൽ റദ്ദാക്കണമെന്ന് ഉത്തരവായിരുന്നു. തൊഴിൽ വകുപ്പിലെ പീരുമേട്, ആലുവ, കൽപ്പറ്റ, നെന്മാറ എന്നീ പ്ലാന്റേഷൻ ഇൻസ്പെക്ടറേറ്റുകളിലെ വാഹനങ്ങൾ 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ളവയായതിനാൽ ആയവ നിലവിൽ ഉപയോഗിക്കുവാൻ കഴിയാത്ത സാഹചര്യമുള്ളതായും, മലയോര മേഖലകളിലുള്ള എസ്റ്റേറ്റുകളിലെ റോഡുകളിൽ ജീപ്പ് ഒഴികെയുള്ള മറ്റ് വാഹനങ്ങൾ ഉപയോഗിച്ച് സഞ്ചരിക്കാൻ കഴിയാത്ത അവസ്ഥയാണെന്നും വന്യമൃഗശല്യം ഉള്ള ടി സ്ഥലങ്ങളിൽ മഴക്കാലങ്ങളിൽ പ്രളയം, ഉരുൾപൊട്ടൽ, പകർച്ചവ്യാധി എന്നിവയ്ക്ക് സാധ്യതയുള്ളതിനാൽ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർക്ക് വാഹനമില്ലാതെ എസ്റ്റേറ്റുകളിൽ എത്തിച്ചേരുന്നതിന് ബുദ്ധിമുട്ടാണെന്നും ആയതിനാൽ പീരുമേട് ആലുവ, കൽപ്പറ്റ, നെന്മാറ എന്നീ പ്ലാന്റേഷൻ ഇൻസ്പെക്ടറേറ്റുകളിൽ ഔദ്യോഗിക വാഹനങ്ങൾ അടിയന്തിരമായി അനുവദിക്കണമെന്നും പരാമർശം (2) പ്രകാരം ലേബർ കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരവും, പരാമർശം (2) കത്ത് പരിഗണിച്ചും തൊഴിൽ വകുപ്പിലെ ആലുവ, പീരുമേട്, കൽപ്പറ്റ, നെന്മാറ എന്നീ പ്ലാന്റേഷൻ ഇൻസ്പെക്ടർമാരുടെ കാര്യാലയങ്ങളിൽ 8,88,228/- രൂപ (As per GEM Portal) വിലവരുന്ന മഹീന്ദ്ര ബൊലേറോ B6 BS6 വാഹനങ്ങൾ ഓരോന്ന് വീതം ( 4 x 8,88,228/-) ആകെ 35,52,912/- രൂപയ്ക്ക് (മുപ്പത്തിയഞ്ച് ലക്ഷത്തി അൻപത്തി രണ്ടായിരത്തി തൊള്ളായിരത്തി പന്ത്രണ്ട് രൂപ മാത്രം) വാങ്ങുന്നതിന് ലേബർ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ വാസുകി കെ ഐ എ എസ്

സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം
ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, കോട്ടയം ( ലേബർ കമ്മീഷണർ മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (05.06.2025 ലെ ഇനം നം. 3012 പ്രകാരം)
ധനകാര്യ വകുപ്പ് (No. 3024792/LBR-2/8/2025-FIN., Dated : 07.03.2025)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
കരുതൽ ശേഖരം / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Swopna Raj
സെക്ഷൻ ഓഫീസർ
Date: 09-06-2025 15:22:16

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 05-06-2025**

ഫയൽ നം. ഡി3/117/2024-തൊഴിൽ. ഇനം നം: 3012

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - തൊഴിൽ വകുപ്പിലെ ആലുവ, പീരുമേട്, കൽപ്പറ്റ, നെന്മാറ എന്നീ പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ കാര്യാലയങ്ങളിൽ 8,88,228/- രൂപ (As per GEM Portal) വിലവരുന്ന മഹീന്ദ്ര ബൊലേറോ B6 BS6 വാഹനങ്ങൾ (ഓരോന്ന് വീതം) വാങ്ങുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

3012

കേരള സർക്കാർ
(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡി3/117/2024-തൊഴിൽ |
| 2 | വകുപ്പ് | : | തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് |
| 3 | വിഷയം | : | തൊഴിൽ വകുപ്പിലെ ആലുവ, പീരുമേട്, കൽപ്പറ്റ, നെന്മാറ എന്നീ പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ കാര്യാലയങ്ങളിൽ 8,88,228/- രൂപ (As per GEM Portal) വിലവരുന്ന മഹീന്ദ്ര ബൊലേറോ B6 BS6 വാഹനങ്ങൾ (ഓരോന്ന് വീതം) വാങ്ങുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി. | : | 13.05.2025 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | : | അതെ |
| | ii. സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഉണ്ട്<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്. | : | ശ്രീമതി.പ്രീത.ബി |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്. | : | ഡോ. കെ. വാസുകി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 26.05.2025 |

# <u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>

തൊഴിൽ വകുപ്പിലെ ആലുവ, പീരുമേട്, കൽപ്പറ്റ, നെന്മാറ എന്നീ പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ കാര്യാലയങ്ങളിൽ 8,88,228/- രൂപ (As per GEM Portal) വിലവരുന്ന മഹീന്ദ്ര ബൊലേറോ B6 BS6 വാഹനങ്ങൾ (ഓരോന്ന് വീതം) വാങ്ങുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കേന്ദ്ര സർക്കാരിന്റെ 16/01/2023 ലെ വിജ്ഞാപന പ്രകാരം 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ വാഹനങ്ങളുടെ രജിസ്ട്രേഷൻ 01/4/2023 മുതൽ റദ്ദാക്കണമെന്ന് ഉത്തരവായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ തൊഴിൽ വകുപ്പിലെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലാ ലേബർ ഓഫീസുകളിലും എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ ഓഫീസിലും പീരുമേട്, ആലുവ, കൽപ്പറ്റ, നെന്മാറ എന്നീ പ്ലാന്റേഷൻ ഇൻ സ്പെക്ടറേറ്റുകളിലും ലേബർ കമ്മീഷണറുടെ കാര്യാലയത്തിലും ഓരോ പുതിയ വാഹനങ്ങൾ വീതം വാങ്ങുന്നതിനുള്ള അനുമതിയോ അല്ലാത്തപക്ഷം വാടകയ്ക്ക് വാഹനം എടുത്ത് ഉപയോഗിക്കുന്നതിനുള്ള അനുമതിയോ ലഭ്യമാക്കുന്നതിനായി ലേബർ കമ്മിഷണർ പ്രൊപോസൽ സമർപ്പിച്ചിരുന്നു.

3) ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു

**വയനാട് ഒഴികെയുള്ള ജില്ലാ ലേബർ ഓഫീസുകൾക്കായി 13 വാഹനങ്ങൾ പ്രതിമാസം പരമാവധി 40,000/- രൂപ വാടകയ്ക്ക് ഒരു വർഷത്തേയ്ക്ക് വാടകയ്ക്ക് എടുക്കുവാൻ അനുമതി നല്കുന്നു.**

**ഇതിന് പ്രാപ്തനായ അധികാരിയുടെ അംഗീകാരമുണ്ട്.**

4) പീരുമേട്, ആലുവ, കൽപ്പറ്റ, നെന്മാറ എന്നീ പ്ലാന്റേഷൻ ഇൻസ്പെക്ടറേറ്റുകളിലേയും വാഹനങ്ങൾ 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ളവയായതിനാൽ ആയവയും നിലവിൽ ഉപയോഗിക്കുവാൻ കഴിയാത്ത സാഹചര്യമുള്ളതായി ലേബർ കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. മലയോര മേഖലകളിലുള്ള എസ്റ്റേറ്റുകളിലെ റോഡുകളിൽ ജീപ്പ് ഒഴികെയുള്ള മറ്റ് വാഹനങ്ങൾ

ഉപയോഗിച്ച് സഞ്ചരിക്കാൻ കഴിയാത്ത അവസ്ഥയാണെന്നും വന്യമൃഗശല്യം ഉള്ള ടി സ്ഥലങ്ങളിൽ മഴക്കാലങ്ങളിൽ പ്രളയം, ഉരുൾപൊട്ടൽ, പകർച്ചവ്യാധി എന്നിവയ്ക്ക് സാധ്യതയുള്ളതിനാൽ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർക്ക് വാഹനമില്ലാതെ എസ്റ്റേറ്റുകളിൽ എത്തിച്ചേരുന്നതിന് ബുദ്ധിമുട്ടാണെന്നും ആയതിനാൽ പീരുമേട് ആലുവ, കൽപ്പറ്റ, നെന്മാറ എന്നീ പ്ലാന്റേഷൻ ഇൻസ്പെക്ടറേറ്റുകളിലും ഔദ്യോഗിക വാഹനങ്ങൾ അടിയന്തിരമായി അനുവദിക്കണമെന്നും ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടർ അപേക്ഷിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ, പ്രസ്തുത പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളിലും ഒരോ വാഹനം വീതം അടിയന്തിരമായി അനുവദിക്കുവാൻ ലേബർ കമ്മിഷണർ അഭ്യർഥിച്ചിരുന്നു.

5) ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു

**20 വാഹനം വാങ്ങുന്നതിന് അനുമതി ആവശ്യപ്പെട്ടിരുന്നതിൽ 13 വാഹനം വാടകയ്ക്കെടുക്കുന്നതിന് അനുമതി മുൻപ് നൽകിയിട്ടുണ്ട്. മലയോര മേഖലകളിൽ വാടകയ്ക്കെടുക്കുന്ന ഇലക്ട്രിക്ക് വാഹനങ്ങൾ അനുയോജ്യമല്ലെന്ന ഭരണ വകുപ്പിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ ആലുവ, പീരുമേട്, കൽപ്പറ്റ, നെന്മാറ എന്നീ പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ കാര്യാലയങ്ങളിൽ 8,88,228/- രൂപ (As per GEM Portal) വിലവരുന്ന മഹീന്ദ്ര ബൊലേറോ B6 BS6 വാഹനങ്ങൾ (ഓരോന്ന് വീതം) വാങ്ങുന്നതിന് അനുമതി നൽകുന്നതോടൊപ്പം വയനാട് ജില്ലാ ലേബർ ഓഫീസ്, എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ കാര്യാലയം, ലേബർ കമ്മീഷണറുടെ കാര്യാലയം എന്നിവിടങ്ങളിൽ നിലവിലുള്ള വാഹനത്തിന്റെ വിവരങ്ങൾ ഉൾപ്പെടെ വാഹനം വാടകയ്ക്കെടുക്കുന്നതിനുള്ള ശിപാർശ സഹിതം ഫയൽ പുനഃസമർപ്പിക്കുവാനും ആവശ്യപ്പെടുന്നു.**

6) ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ അംഗീകാര പ്രകാരവും ആലുവ, പീരുമേട്, കൽപ്പറ്റ, നെന്മാറ എന്നീ പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ കാര്യാലയങ്ങളിൽ 8,88,228/- രൂപ (As per GEM Portal) വിലവരുന്ന മഹീന്ദ്ര ബൊലേറോ B6 BS6 വാഹനങ്ങൾ (ഓരോന്ന് വീതം) വാങ്ങുന്നതിനുള്ള അനുമതിയും, ഈ ആവശ്യത്തിലേക്കുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ വാഹനം

വാങ്ങുന്നതിനുള്ള "2230-01-001-99-21-01 നോൺ പ്ലാൻ" ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനും അനുമതി നൽകികൊണ്ടും ഉത്തരവായിരുന്നു .

7) വാഹനം വാങ്ങുന്നതിലേക്കായി 2024-25 സാമ്പത്തിക വർഷം 2230-01-001-99-21-01 NP ശീർഷകത്തിൽ **35,52,912/- രൂപ** (മുപ്പത്തിയഞ്ചു ലക്ഷത്തി അമ്പത്തിരണ്ടായിരത്തി തൊള്ളായിരത്തി പന്ത്രണ്ട് രൂപ മാത്രം) അഡീഷണൽ ഓതറൈസേഷനിലൂടെ അനുവദിക്കുന്നതിനായി ലേബർ കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസൽ ശുപാർശ ചെയ്ത് അനന്തര നടപടിക്കായി ധനകാര്യ വകുപ്പിലേയ്ക്ക് കൈമാറിയപ്പോൾ ടി വകുപ്പ് ചുവടെ ചേർത്ത വിധം അഭിപ്രായപ്പെട്ടു .

**ആലുവ, പീരുമേട്, കൽപ്പറ്റ, നെന്മാറ എന്നീ പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ കാര്യാലയങ്ങളിൽ പുതിയ വാഹനം വാങ്ങുന്നതിന് 'ന്യൂ സർവീസ്' നടപടിക്രമം പാലിക്കേണ്ടതുള്ളതിനാൽ 2024-25.ലെ അടുത്ത ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി വിഹിതം വകയിരുത്തുന്നതിന് ശിപാർശ സമർപ്പിക്കുവാനായി നിർദ്ദേശിക്കുന്നു.**

8) ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി വിഹിതം വകയിരുത്തുന്നതിന് ശിപാർശ ധനകാര്യ വകുപ്പിന് സമർപ്പിച്ചപ്പോൾ ചുവടെ ചേർക്കുംവിധം അഭിപ്രായപ്പെട്ടു : (Linked File - 2 , Note # 7 )

**നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതങ്ങളുടെ ക്രമീകരണവുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് സമർപ്പിച്ച പ്രൊപ്പോസലിൽ മൂന്നാർ ലേബർ കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തികൾക്കായി തുക ആവശ്യമുള്ളതിനാൽ, 4250-00-201-92-01 ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും (100%) പ്രയൊറിട്ടൈസ് ചെയ്യുകയും ആയത് 15.11.2024 ന് കൂടിയ ചീഫ് സെക്രട്ടറിതല സമിതി അംഗീകരിക്കുകയും ചെയ്തിട്ടുള്ളതിനാൽ, ടി ശീർഷകത്തിൽ തുടർന്നും 85 ലക്ഷം രൂപ അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കാനാവില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു. <u>അതോടൊപ്പം 14.03.2013 ലെ G.O(MS) No. 72/2013/GAD നമ്പർ ഉത്തരവ് പ്രകാരം 10 ലക്ഷം രൂപയിൽ കൂടുതലുള്ള വാഹനങ്ങൾ വാങ്ങുന്നതിന് ക്യാബിനറ്റ് തീരുമാനം ആവശ്യമായതിനാൽ, പുതിയ വാഹനം വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ എല്ലാം പാലിച്ചിട്ടുണ്ടോ എന്ന്</u>**

**<u>പരിശോധിച്ചതിനു ശേഷം അധിക ധനാനുമതിയുള്ള ശിപാർശ ലഭ്യമാക്കുവാനും ആവശ്യപ്പെടുന്നു.</u>**

9) 14.03.2013 ലെ G.O(MS) No. 72/2013/GAD നമ്പർ ഉത്തരവിലെ ഖണ്ഡിക 5(iii) കണ്ടാലും.

5 (iii) Only vehicles Costing less than Rs.10 Lakh shall be Purchased in Government and for the purchase of vehicles costing more than Rs.10 lakh, prior approval of the cabinet shall be required.

10) ആലുവ, പീരുമേട്, കൽപ്പറ്റ, നെന്മാറ എന്നീ പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ കാര്യാലയങ്ങളിൽ **8,88,228/- രൂപ** (As per GEM Portal) വിലവരുന്ന മഹീന്ദ്ര ബൊലേറോ B6 BS6 വാഹനങ്ങൾ (ഓരോന്ന് വീതം) വാങ്ങുന്നതിനുള്ള അനുമതിയായിരുന്നു ധനകാര്യ വകുപ്പ് നൽകിയിരുന്നത്. 10 ലക്ഷം രൂപയിൽ താഴെയുള്ള വാഹനമായിരുന്നതിനാലായിരുന്നു ആലുവ, പീരുമേട്, കൽപ്പറ്റ, നെന്മാറ എന്നീ പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ കാര്യാലയങ്ങളിൽ 8,88,228/- രൂപ (As per GEM Portal) വിലവരുന്ന മഹീന്ദ്ര ബൊലേറോ B6 BS6 വാഹനങ്ങൾ (ഓരോന്ന് വീതം) വാങ്ങുന്നതിനുള്ള അനുമതി ലേബർ കമ്മീഷണർക്ക് അനുവദിച്ച ഉത്തരവായത്. 4 കാര്യാലയങ്ങളിലും കൂടി 8,88,228/- രൂപ (As per GEM Portal) വിലവരുന്ന മഹീന്ദ്ര ബൊലേറോ B6 BS6 വാഹനങ്ങൾ (ഓരോന്ന് വീതം)വാങ്ങുന്നതിനു (4 * 8,88,228/- ) **35,52,912/- രൂപ** ആവശ്യമായുണ്ട്.

11) തുടർന്ന് 14.03.2013 ലെ G.O(MS) No. 72/2013/GAD നമ്പർ ഉത്തരവിലെ ഖണ്ഡിക 5(iii) പ്രകാരം ആലുവ, പീരുമേട്, കൽപ്പറ്റ, നെന്മാറ എന്നീ പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ കാര്യാലയങ്ങളിൽ 8,88,228/- രൂപ (As per GEM Portal) വിലവരുന്ന മഹീന്ദ്ര ബൊലേറോ B6 BS6 വാഹനങ്ങൾ (ഓരോന്ന് വീതം, 4 * 8,88,228 = Rs.**35,52,912/-)** വാങ്ങുന്ന വിഷയം ക്യാബിനറ്റിൽ വയ്ക്കുവാനുള്ള നടപടി സ്വീകരിക്കാവുന്നതാണോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ടി വിഷയം മന്ത്രിസഭ മുൻപാകെ സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

1. തൊഴിൽ വകുപ്പിലെ ആലുവ, പീരുമേട്, കൽപ്പറ്റ, നെന്മാറ എന്നീ പ്ലാന്റേഷൻ ഇൻസ്പെക്ടർമാരുടെ കാര്യാലയങ്ങളിൽ 8,88,228/- രൂപ (As per GEM Portal) വിലവരുന്ന മഹീന്ദ്ര ബൊലേറോ B6 BS6 വാഹനങ്ങൾ ഓരോന്ന് വീതം ( 4 * 8,88,228/- ) Rs.35,52,912 രൂപയ്ക്ക് വാങ്ങുന്നതിന് ലേബർ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണോ